# കേരളസർവകലാശാല

നം.പി.ആർ.34/2021

## പത്രക്കുറിപ്പ്

**ഒന്നാം വർഷ ബി.എഡ് പ്രവേശനം – 2020**
**ജനറൽ/മറ്റ് വിഭാഗങ്ങൾ കോളേജ് തലത്തിൽ സ്പോട്ട് അഡ്മിഷൻ – ഫെബ്രുവരി 12-ന്**

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവണ്മെന്റ്/ എയ്ഡഡ്/ സ്വാശ്രയ/ കെ.യു.സി.ടി.ഇ കോളേജുകളിൽ ഒന്നാം വർഷ ബി.എഡ് കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് കോളേജ് തലത്തിൽ ഫെബ്രുവരി 12-ാം തീയതി സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

താല്പര്യമുള്ള വിദ്യാർത്ഥികൾ അതാത് കോളേജുകളിൽ രാവിലെ 10 മണിക്ക് മുമ്പായി എല്ലാ അസൽ സർട്ടിഫിക്കറ്റുകളുമായി (ടി.സി ഉൾപ്പടെ) കോളേജിൽ നേരിട്ട് ഹാജാരാകേണ്ടതാണ് . നിലവിൽ അഡ്മിഷൻ ലഭിക്കാത്ത വിദ്യാർത്ഥികളെ മാത്രമാണ് സ്പോട്ട് അഡ്മിഷനു പരിഗണിക്കുന്നത്. കോളേജ് ട്രാൻസ്ഫർ/ കോഴ്സ് ട്രാൻസ്ഫർ ഒന്നും തന്നെ പരിഗണിക്കുന്നതല്ല.

അഡ്മിഷൻ ലഭിച്ചാൽ ഒടുക്കേണ്ട യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 230 രൂപ, ജനറൽ/ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1130 രൂപ) കൈയിൽ കരുതേണ്ടതാണ്. മുമ്പ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതണം.

ഓരോ കോളേജിലെ ഒഴിവുള്ള സീറ്റുകളുടെ വിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോകോൾ അഡ്മിഷൻ സമയത്ത് നിർബന്ധമായും പാലിക്കേണ്ടതാണ്. സാമൂഹിക അകലം പാലിക്കൽ, സാനിറ്റൈസർ ഉപയോഗം തുടങ്ങിയവ കാര്യങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്. അഡ്മിഷൻ സമയം മുഴവൻ വിദ്യാർത്ഥികൾ മാസ്ക് ധരിക്കേണ്ടതാണ്. യാതൊരു കാരണവശാലും കൂട്ടം കൂടാൻ പാടില്ല. 2 മീറ്റർ അകലം നിർബന്ധമായും പാലിക്കേണ്ടതാണ്. സ്പോട്ട് അലോട്ട്മെന്റ് നടക്കുന്ന ഹാളിനുള്ളിലേക്ക് വിദ്യാർത്ഥിയെ മാത്രമേ പ്രവേശിപ്പിക്കുകയുള്ളു.**

## പരീക്ഷാഫലം

കേരളസർവകലാശാല 2020 മാർച്ചിൽ നടന്ന നാലാം സെമസ്റ്റർ ബി.എസ്.സി. ഇലക്ട്രോണിക്സ് കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് (2018–റെഗുലർ, 2017–ഇംപ്രൂവ്മെന്റ്/ സപ്ലിമെന്ററി, 2016,2015,2014– സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. റിവാല്യൂഷൻ/സക്രൂട്ടിനി എന്നിവയ്ക്ക് ഓൺലൈനായി അപേക്ഷിക്കുവാനുള്ള അവസാന തീയതി 20.02.2021. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2020 മാർച്ചിൽ നടന്ന കരിയർ റിലേറ്റഡ് സി.ബി.സി.എസ് ഗ്രൂപ്പ് 2 (ബി) നാലാം സെമസ്റ്റർ ബി.എസ്.ഡബ്ല്യു (315) പ്രോഗ്രാമിന്റെ ( 2018 അഡ്മിഷൻ റെഗുലർ , 2017 അഡ്മിഷൻ സപ്ലിമെന്ററി/ ഇംപ്രൂവ്മെന്റ് , 2014,2015,2016 അഡ്മിഷൻ സപ്ലിമെന്ററി പരീക്ഷഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 20 വരെ ഓൺലൈനായി അപേക്ഷിക്കാം.

കേരളസർവകലാശാല 2020 മാർച്ചിൽ നടന്ന നാലാം സെമസ്റ്റർ ബി.ബി.എ. (195) 2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി, 2017 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 അഡ്മിഷൻ റെഗുലർ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 20 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പുതുക്കിയ ടൈംടേബിൾ

കേരളസർവകലാശാല ഫെബ്രുവരി മാസം 15 ന് ആരംഭിക്കുന്ന രണ്ടാം വർഷ ബി.എസ്.സി നേഴ്സിംഗ് (മേഴ്സി ചാൻസ്–2006 മുതൽ 2009 വരെയുള്ള അഡ്മിഷൻ) ഏപ്രിൽ 2020 പരീക്ഷയുടെ ടൈംടേബിളിൽ 19.02.2021–ൽ നടത്തുന്ന പേപ്പർ III – ഫാർമക്കോളജി പരീക്ഷയുടെ സമയം 09.30 am മുതൽ 12.30 pm ന് പകരം 09.30 am മുതൽ 11.30 pm എന്ന് പുനക്രമീകരിച്ചിരിക്കുന്നു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2020 നവംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്.സി. ബോട്ടണി ആന്റ് ബയോടെക്നോളജി, ബി.എസ്.സി. ബയോടെക്നോളജി (മൾട്ടിമേജർ) എന്നീ കോഴ്സുകളുടെ പ്രാക്ടിക്കൽ ഫെബ്രുവരി 15 മുതൽ അതതു കേന്ദ്രങ്ങളിൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2020 മെയ് മാസം നടത്തിയ രണ്ടാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ് ബി.എസ്.സി എൻവയോൺമെന്റൽ സയൻസ്, എൻവയോൺമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ് പ്രോഗ്രാമിന്റെ കെമിസ്ട്രി പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 12 നു നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മ പരിശോധന

കേരളസർവകലാശാല 2019 ഒക്ടോബർ, ഡിസംബർ 2020 മാർച്ചിൽ നടന്ന മൂന്നും ആഞ്ചും, ആറും സെമസ്റ്റർ ബി.കോം സി.ബി.സി.എസ് പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്കായി അപേക്ഷിച്ചിട്ടുള്ളവർ ഹാൾടിക്കറ്റും ഐഡി കാർഡുമായി ഫെബ്രുവരി 11 മുതൽ 20 വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ ഇ.ജെ II സെക്ഷനിൽ ഹാജരാകേണ്ടതാണ്.

## വാക് ഇൻ ഇന്റർവ്യൂ

കേരളസർവകലാശാലയുടെ കീഴിൽ കാര്യവട്ടത്തു പ്രവർത്തിക്കുന്ന വനിത ഹോസ്റ്റലിലേക്ക് മേട്രൻ തസ്തികയിൽ ആറു മാസത്തെ കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി ഫെബ്രുവരി 16 നു ഉച്ചയ്ക്ക് 01.00 മണിക്ക് പ്രൊ.വൈസ് ചാൻസിലറുടെ ഓഫീസിൽ വാക് ഇൻ ഇന്റർവ്യൂ നടത്തുന്നു. വിശദവിവരങ്ങൾക്ക് വെബ്സൈറ്റിലെ ജോബ് നോട്ടിഫിക്കേഷൻ ലിങ്ക് സന്ദർശിക്കുക.

പബ്ലിക് റിലേഷൻസ് ഓഫീസർ

**തിരുവനന്തപുരം.**
10.02.2021

For exam related queries examhelpdesk1@keralauniversity,examhelpdesk2@keralauniversity

**E-mail:ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**